## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3660. 25.06.2013 ൽ മറുപടിയ്ക്ക്.

<u>അനധികൃത ദീർഘദൂര പ്രൈവറ്റ് ബസ്സ് സർവ്വീസ്</u>

| ചോദ്യം<br>ശ്രീമതി കെ. എസ്. സലീഖ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്ത് എത്ര ദീർഘദൂര പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്നു ; ഇതിൽ അനുമതിയുള്ളവ എത്ര ; അനുമതി ഇല്ലാത്തവ എത്ര ; വ്യക്തമാക്കുമോ ; | (എ) | 150 കിലോമീറ്ററിന് മുകളിൽ ഓടുന്ന 387 പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇവയെല്ലാം അനുമതിയുള്ളവയാണ്. അനുമതി ഇല്ലാതെ സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സംസ്ഥാനത്ത് ഇപ്പോൾ ഒരു ബസ്സിന്റെ നമ്പറിൽ അനേകം ബസ്സുകൾ സ്വകാര്യ സർവ്വീസ് നടത്തുന്നത് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | ഇത്തരമൊരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇത്തരത്തിലുള്ള എത്ര വാഹനങ്ങൾ ഗതാഗതവകുപ്പ് പിടികൂടിയിട്ടുണ്ട് ; ആയതിൽ എത്ര വാഹനങ്ങൾ ഉടമയ്ക്ക് തിരികെ നൽകി ; എത്ര വാഹനങ്ങൾ ഇപ്പോഴും വകുപ്പിന്റെ കൈവശം തൊണ്ടി വകയായി കിടക്കുന്നു ; വ്യക്തമാക്കുമോ ; | (സി) | ബാധകമല്ല. |
| (ഡി) ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ ഇപ്രകാരം പിടിച്ചെടുക്കുന്ന സ്വകാര്യ - ബസ്സുകളിൽ നിന്നും പിഴയിനത്തിൽ എന്തു തുക ഈടാക്കി ; വ്യക്തമാക്കുമോ ; | (ഡി) | ബാധകമല്ല. |
| (ഇ) ദീർഘദൂര പ്രൈവറ്റ് ബസ്സുകളിൽ പലതും നികുതി വെട്ടിച്ച് സാധനങ്ങൾ കടത്തുന്നതായി ഗതാഗത വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന ബസ്സുകൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇപ്രകാരം നികുതി വെട്ടിപ്പ് കണ്ടെത്തിയാൽ നിയമപരമായ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.